നടന്നുവരുന്നു. ഉടൻതന്നെ അച്ചടിക്ക് നൽകുവാൻ കഴിയും. അഞ്ചിലേയും ആറിലെയും പാഠപുസ്തകങ്ങളുടെ അച്ചടി തൃക്കാക്കരയിലുള്ള കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റിയിൽ ധൃതഗതിയിൽ നടന്നുവമുന്നു.

(ബി) പാഠപുസ്തകങ്ങളുടെ അച്ചടി 2004 സെപ്തംബർ മാസത്തിൽതന്നെ ആരംഭിച്ചു.

(സി) അടുത്ത വർഷത്തെ പാഠപുസ്തക അച്ചടി ചുവടെ ചേർക്കുന്ന സർക്കാർ മേഖലയിലെ പ്രസ്സുകളെയാണ് ഏൽപ്പിച്ചിരിക്കുന്നത്.

1. കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി, തൃക്കാക്കര.
2. സർക്കാർ പ്രസ്സുകൾ.
3. കേരള സ്റ്റേറ്റ് ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ, തിരുവനന്തപുരം.

(ഡി) ഇല്ല.

(ഇ) പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും സ്കൂൾ വർഷം ആരംഭിക്കുന്നതിന് മുൻപുതന്നെ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

പാഠ്യപദ്ധതിയിൽ കൃഷിക്കും കൃഷി രീതികൾക്കും മുൻതൂക്കം നൽകാൻ നടപടി

*8. [494] ശ്രീ. തോമസ് ചാഴികാടൻ :
,, റോഷി അഗസ്റ്റിൻ :
,, കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ-കോളേജ് പാഠ്യ പദ്ധതിയിൽ കൃഷിക്കും കൃഷി രീതികൾക്കും മുൻതൂക്കം നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ബി) നമ്മുടെ യുവതലമുറയെ കാർഷിക രംഗത്തേക്ക് ആകർഷിക്കുന്ന തരത്തിൽ ബോധവൽക്കരണ പരിപാടികളും ഉപന്യാസ-പ്രസംഗ മത്സരങ്ങളും സംഘടിപ്പിച്ച് മെഡലുകളും പാരിതോഷികങ്ങളും നൽകാൻ സ്കൂൾ-സർവ്വകലാശാല അധികൃതർക്ക് നിർദ്ദേശം നൽകുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) :

(എ) കാർഷിക രാജ്യമായ ഇന്ത്യയിൽ കൃഷിയോടും കൃഷി ആഭിമുഖ്യമുള്ള തൊഴിലിനോടും താല്പര്യം സൃഷ്ടിക്കേണ്ടതാവശ്യമാണ്. സ്കൂൾ തലത്തിൽ പാഠ്യ പദ്ധതി പരിഷ്കരിക്കുമ്പോൾ ഇക്കാര്യങ്ങൾക്ക് ഊന്നൽ നൽകണമെന്ന് നിർദ്ദേശം

LIBRARY ARCHIVES Kerala Legislative Assembly

നൽകിയിട്ടുണ്ട്. കോളേജ് തലത്തിൽ കാർഷിക രീതികൾക്ക് മുൻതൂക്കം നൽകുന്ന പാഠ്യപദ്ധതികൾ ഉൾപ്പെടുത്തുന്ന കാര്യം ബന്ധപ്പെട്ട അക്കാദമിക് സമിതികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

(ബി) പരിഗണിക്കുന്നതാണ്.

എസ്. എസ്. എ. പദ്ധതിയുടെ നടത്തിപ്പിൽ സമൂഹ പങ്കാളിത്തം ഉറപ്പാക്കുന്നതിന് നടപടികൾ

*9 [495] ശ്രീ. കെ. കെ. ജയചന്ദ്രൻ :
,, കോടിയേരി ബാലകൃഷ്ണൻ :
,, എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്. എസ്. എ. പദ്ധതിയുടെ നടത്തിപ്പിൽ സമൂഹ പങ്കാളിത്തം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) പഠന ഗുണനിലവാരം ഉയർത്തുന്നതിന് എസ്. എസ്. എ. പദ്ധതിയിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) അദ്ധ്യാപക പരിശീലനത്തിന് ഏകീകൃത നടപടി ഉണ്ടാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) :

(എ) സമൂഹ പങ്കാളിത്തം ഉറപ്പാക്കുന്നതിന് സംസ്ഥാന, ജില്ലാ, ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, സ്കൂൾ എന്നീ തലങ്ങളിൽ ജനപ്രതിനിധികൾക്കും സമൂഹത്തിലെ മറ്റുള്ളവർക്കും പ്രാതിനിധ്യം നൽകിക്കൊണ്ടുള്ള പ്ലാനിംഗ് ആന്റ് മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. സ്കൂൾ തലത്തിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ, സ്കൂൾ ഗ്രാന്റ്, ടീച്ചർ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് തുടങ്ങിയവയെല്ലാം സ്കൂൾ പി. ടി. എ. മുഖാന്തിരമാണ് നിർവ്വഹിക്കുന്നത്. സമൂഹ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി വർഷത്തിൽ 2 പ്രാവശ്യം ഗ്രാമപഞ്ചായത്തുകൾ തോറും എസ്. എസ്. എ. അവബോധ പരിപാടികളും നടത്തുന്നുണ്ട്.

(ബി) അദ്ധ്യാപകർക്ക് ബ്ലോക്ക് റിസോഴ്സ് തലത്തിൽ 10 ദിവസത്തെ പരിശീലനവും ക്ലസ്റ്റർ റിസോഴ്സ് തലത്തിൽ പ്രതിമാസ ഏകദിന പരിശീലനവും നടത്തുന്നു. പരിശീലനത്തിൽ നിന്നും ലഭിക്കുന്ന നൈപുണികൾ ക്ലാസ് മുറിയിൽ പ്രയോഗത്തിൽ വരുത്തുമ്പോഴുണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ബി. ആർ. സി. ട്രെയിനർമാർ ക്ലാസ്തല അദ്ധ്യാപക പിന്തുണ നൽകുന്നു. ചെലവു കുറഞ്ഞ പഠനോപകരണങ്ങളുടെ നിർമ്മാണത്തിനായി ഓരോ

LIBRARY ARCHIVES Kerala Legislative Assembly